"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ്- സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി 2023-24- സപ്ളൈകോയ്ക്ക് തുക അനുവദിച്ച നടപടി -സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.205/2024/WCDD തീയതി,തിരുവനന്തപുരം, 14-06-2024

---

പരാമർശം:-

1. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 23.03.2024 ലെ DWCD/4614/2023-ICDSA5 നമ്പർ ഉത്തരവ്.
2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 03.05.2024 ലെ DWCD/4614/2023-ICDSA5 നമ്പർ കത്ത്

**ഉത്തരവ്**

സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി 2022-23 സാമ്പത്തിക വർഷം മുതൽ കേരളത്തിലെ ആസ്പിറേഷൻ ജില്ലയായ വയനാട് ജില്ലയിലെ 14-18 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ എല്ലാ പെൺകുട്ടികൾക്കുമായി പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുന്നതിലേയ്ക്കായി ഒരു ദിവസം 600 കലോറിയും, 18-20 ഗ്രാം പ്രോട്ടീനും മൈക്രോന്യൂട്രിയൻസും ഉൾപ്പെടുന്ന പോഷകാഹാരം നൽകുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഒരു ഗുണഭോക്താവിന് അനുവദനീയമായ ഗോതമ്പിന് പുറമേ 60 ഗ്രാം റാഗിയും 10 ഗ്രാം ശർക്കരയും ഒരു മാസം 25 ദിവസം എന്ന രീതിയിൽ വിതരണം ചെയ്യുന്നു. പദ്ധതിയിലെ nutritional component ലേയ്ക്കായി കേന്ദ്ര - സംസ്ഥാന സർക്കാർ വിഹിതം 50:50 എന്ന അനുപാതത്തിൽ ആണ്.

(2) കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ചു വന്ന ഗോതമ്പ് സിവിൽ സപ്ലൈസ് കോർപ്പേറേഷൻ മുഖേന FCI യിൽ നിന്നും ഏറ്റെടുത്ത് ആട്ടയാക്കി വയനാട് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ വിതരണം ചെയ്യുന്ന വകയിൽ ഒരു പാക്കറ്റിന് 7.15 രൂപയാണ് അനുവദിച്ചിരുന്നത്. രണ്ടാം ക്വാർട്ടറിൽ ഒരു പാക്കറ്റിന് 7.15 രൂപയും + 5% GSTയും ഉൾപ്പെടെ 9,48,573 രൂപ ആണ് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും ആവശ്യപ്പെട്ടിരുന്നത്. എന്നാൽ മൂന്നാം ക്വാർട്ടർ മുതൽ ഗോതമ്പ് Process ചെയ്ത് പാക്കറ്റ് ഒന്നിന് 7.95 രൂപ + 5% GSTഉൾപ്പെടെ 10,54,707/- രൂപ അനുവദിക്കണമെന്ന് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും ആവശ്യപ്പെടുകയുണ്ടായെന്നും, ആട്ട മില്ലുടമയുള്ള പുതിയ എഗ്രിമെന്റ് പ്രകാരം സാഗ് പദ്ധതിയ്ക്കുള്ള പ്രോസസിംഗ് ചാർജ് 80 പൈസ വർദ്ധിപ്പിച്ചതിനാൽ ഗോതമ്പിന്റെ ഏറ്റെടുക്കൽ പ്രോസസ്സിംഗ്, വിതരണം എന്നിവയ്ക്കുള്ള തുക പാക്കറ്റിന് 7.15 രൂപയിൽ നിന്നും 7.95 രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി എന്നും അറിയിച്ചിരിക്കുന്നതായും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) കേന്ദ്ര സർക്കാരിൽ നിന്നും രണ്ടാം ക്വാർട്ടറിലേയ്ക്കായി അനുവദിച്ചുവന്ന 133 MTS ഗോതമ്പ് ഏറ്റെടുത്ത് പ്രോസസ് ചെയ്ത് 1,26,350 വീതം ആട്ട പാക്കറ്റുകൾ ആക്കി വയനാട് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ വിതരണം ചെയ്ത വകയിൽ ഒരു പാക്കറ്റിന് 7.15 രൂപ + 5% GST ചേർത്ത് രണ്ടാം ക്വാർട്ടറിൽ ആട്ടയ്ക്ക് ആകെ 9,48,573 രൂപയും, മൂന്നാം ക്വാർട്ടറിൽ ഒരു പാക്കറ്റിന് 7.95 രൂപ + 5% GST യും ചേർത്ത് 10,54,707/- രൂപയും ഉൾപ്പെടെ 2, 3 ക്വാർട്ടറുകളിലെ ചെലവിനത്തിൽ ആകെ 20,03,280 രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് പരാമർശം (1) പ്രകാരം അനുവദിക്കുകയുണ്ടായി എന്നും ഈ സാഹചര്യത്തിൽ മൂന്നാം ക്വാർട്ടറിൽ, സപ്ലൈകോയ്ക്ക് ഒരു ആട്ട പാക്കറ്റിന് നൽകി വന്നിരുന്ന 7.15 രൂപയിൽ നിന്നും ഒരു പാക്കറ്റിന് 7.95 രൂപ + 5% GST കണക്കാക്കി തുക അനുവദിച്ച വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകണമെന്നും, തുടർന്നും സപ്ലൈകോ ആവശ്യപ്പെട്ട മേൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം പരിശോധിച്ചു. വയനാട് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ ആട്ട വിതരണം ചെയ്ത വകയിൽ സപ്ലൈകോയ്ക്ക് പരാമർശം (1) പ്രകാരം തുക അനുവദിച്ച വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ചും, തുടർന്നും സപ്ലൈകോ ആവശ്യപ്പെട്ട തുക ( ഒരു പാക്കറ്റിന് 7.95 രൂപ + 5% GST) അനുവദിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ് തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 14-06-2024 17:35:56
സെക്ഷൻ ഓഫീസർ